(ബി) 397.66 കോടി രൂപ (ജൂൺ 2005 വരെ) ചെലവായിട്ടുണ്ട്.

(സി) ലോകബാങ്കിൽ നിന്ന് ലഭിക്കുന്ന തുക കേന്ദ്രഗവൺമെന്റ് സർക്കാരിന് നൽകുന്നത് additional central assistance ആയിട്ടാണ്. ഈ തുക മാനദണ്ഡങ്ങൾക്കനുസരിച്ച് 2007 ജൂൺ 15 മുതൽ 30 അർദ്ധവാർഷിക ഗഡുക്കളായിട്ടാണ് തിരിച്ചടയ്ക്കേണ്ടത്.

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് അനുസരിച്ചുള്ള റോഡ് പണി

54 [635] *ശ്രീ. പി. ടി. തോമസ്:*

,, *ജോർജ് ജെ. മാത്യു:*

,, *ജി. കാർത്തികേയൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് അനുസരിച്ച് എത്ര കിലോമീറ്റർ റോഡിന്റെ പണിയാണ് നടന്നുവരുന്നത്; ഇതിൽ നേരത്തെ എത്ര കിലോമീറ്റർ റോഡ് നിലവിലുണ്ടായിരുന്നു;

(ബി) ഈ പണിക്കുവേണ്ടി കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ; അവർ ആരെല്ലാമാണ്;

(സി) ഈ പദ്ധതിക്കുവേണ്ടി കൺസൾട്ടൻസി ഫീസിനത്തിൽ എന്ത് തുകയാണ് കൊടുക്കേണ്ടത്?

ഉത്തരം

(എ) ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ 254 കി. മീ. റോഡിന്റെ അപ്ഗ്രഡേഷൻ പണികൾ നടന്നുവരുന്നു. ഹെവി മെയിന്റനൻസിൽ ഉൾപ്പെടുത്തിയ 339.1 കി. മീ. റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയായി. രണ്ടാം വർഷത്തിൽ ഉൾപ്പെടുത്തിയ 335.5 കി. മീറ്ററിന്റെയും മൂന്നാം വർഷത്തെ 306.9 കി. മീറ്ററിന്റെയും അറ്റകുറ്റപ്പണികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

പണികൾക്കുവേണ്ടി താഴെപറയുന്ന കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്.

1.	ഹെവിമെയിന്റനൻസ്	1-ാം വർഷം	മൊത്തം ഏറ്റെടുത്ത പണികളിൽ പകുതി ഐ.സി.റ്റി., ലീ അസോസിയേറ്റ്സ് കൺസൾട്ടന്റുകളും ബാക്കി പകുതി പി.ഡബ്ല്യു.ഡി. യുമാണ് സൂപ്പർവൈസ് ചെയ്യുന്നത്.
	ഹെവിമെയിന്റനൻസ്	2-ാം വർഷം	പി.ഡബ്ല്യു.ഡി. സൂപ്പർവൈസ് ചെയ്യുന്നു.
	ഹെവിമെയിന്റനൻസ്	3-ാം വർഷം	ടെക്നിക്കൽ ഓഡിറ്റിംഗ് - ഐ.സി.റ്റി.
2.	അപ്ഗ്രഡേഷൻ	Phase -1	RITES, BECA, WSAJV
	അപ്ഗ്രഡേഷൻ	Phase -2	BCEOM

(സി) ഈ പദ്ധതിക്കുവേണ്ടി ഐ.സി.റ്റി., ലീ അസോസിയേറ്റ്സ് കൺസൾട്ടൻസി ഫീസ് ഒന്നാം വർഷ മെയിന്റനൻസ് - 2 കോടി രൂപ.

ടെക്നിക്കൽ ആഡിറ്റിംഗ് ഐ.സി.റ്റി., രണ്ടാം വർഷ മെയിന്റനൻസ് - 1 കോടി രൂപ.

ടെക്നിക്കൽ ആഡിറ്റിംഗ് ഐ.സി.റ്റി., മൂന്നാം വർഷ മെയിന്റനൻസ് - 75 ലക്ഷം രൂപ.

RITES അപ്ഗ്രഡേഷൻ Phase - 1 - 16 കോടി രൂപ.

BCEOM അപ്ഗ്രഡേഷൻ Phase - 2 - 15.75 കോടി രൂപ എന്നീ ക്രമത്തിൽ കൺസൾട്ടൻസി ഫീസ് നൽകേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly